II ഇ.ബി. XIII- കേരള നിയമസഭ/IV-3

പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2012 മാർച്ച് 08, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

8 (*61) **സ്വകാര്യ നഴ്സിംഗ് മേഖലയിലെ മിനിമം വേതനം**

തൊഴിലും പുനരധിവാസവും ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) നൽകിയ മറുപടിയിൽ, സ്വകാര്യ നഴ്സിംഗ് മേഖലയിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുകൊണ്ട് പുറപ്പെടുവിച്ച 16-12-2009-ലെ ഉത്തരവ് നടപ്പിലാക്കാത്ത സ്ഥാപനങ്ങൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുന്നതിനുള്ള നടപടികളും ഇത്തരം സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിലുള്ള ഹൈക്കോടതിയുടെ സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. 1948-ലെ മിനിമം വേതന നിയമം ഇപ്പോൾ പ്രാബല്യത്തിലുണ്ടെന്നും ഇതുസംബന്ധിച്ച ഏറ്റവും ഒടുവിലത്തെ നോട്ടിഫിക്കേഷൻ നിലവിൽ വന്നത് 01-06-2009 മുതലാണെന്നും 01-06-2012 മുതൽ പുതുക്കിയ

മിനിമം വേജസ് പ്രബല്യത്തിൽ കൊണ്ടുവരുമെന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ടെന്നും കേന്ദ്ര ആക്ടിന്റെ പരിധിയിൽ നിന്നുകൊണ്ട് സമഗ്രമായ ഒരു നിയമനിർമ്മാണം നടത്താൻ ശ്രമിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. നഴ്സുമാർ ഉൾപ്പെടെ എല്ലാ പാരാ മെഡിക്കൽ സ്റ്റാഫുകളെയും ഉൾപ്പെടുത്തിയാണ് മിനിമം വേജസ് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത്. 705 ആശുപത്രികൾ പരിശോധിച്ചതിൽ 40-ൽ താഴെ ആശുപത്രികളിൽ മാത്രമാണ് മിനിമം വേജസ് നടപ്പിലാക്കുന്നതെന്നും മറ്റ് ആശുപത്രികളിലും ഇത് നടപ്പിൽവരുത്താനാണ് സർക്കാർ മുൻഗണന നൽകുന്നതെന്നും ആശുപത്രികളുടെ പോരായ്മകളും നിയമലംഘനവും സംബന്ധിച്ച വിവരങ്ങൾ വെബ്സൈറ്റിൽ പബ്ലിഷ് ചെയ്തിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. ആദ്യം മിനിമം വേജസ് നടപ്പാക്കിയതിനുശേഷം ആശുപത്രികളുടെ ഗ്രഡേഷൻ അനുസരിച്ച് ഫെയർ വേജസിലേയ്ക്ക് പോകണമെന്ന സമീപനമാണ് സർക്കാരിനുള്ളത്. തൊഴിൽ വകുപ്പിന് ആറ് മാസത്തെ ക്ലെയിം പെറ്റീഷനേ ഫയൽ ചെയ്യാൻ കഴിയുകയുള്ളൂവെങ്കിലും ഇൻഡിവിഡ്യുവലായി ലേബർ കോടതിയെ സമീപിക്കുന്നവർക്ക് 2009 മുതൽ മുൻകാല പ്രാബല്യം ലഭിക്കുമെന്നും അതിനാവശ്യമായ രേഖകൾ ലേബർ വകുപ്പിൽ നിന്ന് ഹാജരാക്കുമെന്നും മന്ത്രി വ്യക്തമാക്കി. പുതുതായി നഴ്സിംഗ് പഠിച്ചിറങ്ങുന്നവർക്ക് ട്രെയിനിംഗ് പീരിയഡ് പരമാവധി ഒരു വർഷമായി ചുരുക്കണമെന്ന് ഈ മേഖലയിലെ ബന്ധപ്പെട്ടവരും ട്രേഡ് യൂണിയനുകളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ തീരുമാനമായിട്ടുണ്ട്. 16-02-2012-ലെ ഉത്തരവും 22-02-2012-ലെ സർക്കുലറും പ്രകാരം സ്വകാര്യ മേഖലയിലെ

ജീവനക്കാരുടെ ശമ്പളം ബാങ്കുവഴി നൽകാൻ ഉത്തരവായിട്ടുണ്ട്. തൊഴിൽ സാദ്ധ്യതയേറിയ വിദേശ രാജ്യങ്ങളിലേയ്ക്ക് ഒ.ഡി.ഇ.പി.സി. വഴി നഴ്സുമാരുടെ നിയമനം നടത്താനാണ് ഉദ്ദേശിക്കുന്നത്. കരാറടിസ്ഥാനത്തിലുള്ള നിയമനം ആശാസ്യമല്ലെങ്കിലും അപ്രകാരം നിയമിക്കപ്പെട്ടിട്ടുള്ളവർക്കും നിയമപ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ബോണ്ട് അടിസ്ഥാനത്തിൽ നഴ്സുമാരെ നിയമിക്കുന്നതിനെതിരെ സുപ്രീംകോടതിയുടെ ഉത്തരവ് നിലവിലുണ്ടെന്നും സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ യോഗ്യത സംബന്ധിച്ച് പരാതി ലഭിക്കുകയാണെങ്കിൽ പരിശോധിക്കുന്നതാണെന്നും അന്യസംസ്ഥാനങ്ങളിലെ സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുന്ന നഴ്സുമാർ ചൂഷണത്തിന് വിധേയരാകുന്നതു സംബന്ധിച്ച പരാതികളിന്മേൽ മുഖ്യമന്ത്രി നേരിട്ട് അതാത് സംസ്ഥാനങ്ങളിലെ ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി പരിഹാരം കണ്ടെത്താൻ ശ്രമിക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സ്വകാര്യ നഴ്സിംഗ് മേഖലയിലെ പ്രശ്നങ്ങളെപ്പറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയോഗിക്കപ്പെട്ട ഡോ. ബൽറാം അദ്ധ്യക്ഷനായ സമിതി ഏപ്രിൽ മാസം അവസാനത്തോടുകൂടി റിപ്പോർട്ട് സമർപ്പിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് ആരോഗ്യവും കയറും വകുപ്പുമന്ത്രി മറുപടി നൽകി.

9(*62&*81) <u>മുല്ലപ്പെരിയാർ വിഷയത്തിലെ പ്രഥമ പരിഗണന</u>

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) നൽകിയ മറുപടിയിൽ, മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നതിനാണ് പ്രഥമ പരിഗണന നൽകിയിട്ടുള്ളതെന്നും ഇതിനുള്ള സർവ്വേയും ഇൻവെസ്റ്റിഗേ

ഷനും പൂർത്തിയാക്കി ഫീസിബിലിറ്റി റിപ്പോർട്ടും 663 കോടി രൂപ എസ്റ്റിമേറ്റുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടും അംഗീകരിച്ച് 2011 സെപ്റ്റംബറിൽത്തന്നെ ഉന്നതാധികാര സമിതിക്ക് സമർപ്പിച്ചിട്ടുണ്ടെന്നും പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിന് യോഗ്യതയുള്ള സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. ഡാം നിർമ്മിക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന് രൂപം നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ചീഫ് എൻജിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മുല്ലപ്പെരിയാർ, ഇടുക്കി, ചെറുതോണി, കുളമാവ്, ലോവർ പെരിയാർ, ഭൂതത്താൻകെട്ട് എന്നീ ഡാമുകളുടെ ഡാം ബ്രേക്ക് അനാലിസിസ് നടത്താൻ റൂർക്കി ഐ.ഐ.ടി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അവർ നൽകിയ പ്രാഥമിക റിപ്പോർട്ടിൽ മുല്ലപ്പെരിയാർ ഡാമിന് അപകടമുണ്ടായാൽ മുല്ലപ്പെരിയാറിനും ഇടുക്കിക്കും മദ്ധ്യേ, ഡാമിന് തൊട്ടുതാഴെ 40 മീറ്റർ ഉയരത്തിലും ഇടുക്കി ജലാശയത്തിനടുത്ത് 36 കിലോമീറ്റർ അകലെ 20.85 മീറ്റർ ഉയരത്തിലും വെള്ളം കയറുമെന്നാണ് വെളിപ്പെടുത്തിയിട്ടുള്ളത്. ഈ മേഖലയിൽ വെള്ളപ്പൊക്കംമൂലമുണ്ടാകുന്ന അപകടപ്പെടുന്നവർക്ക് രക്ഷാമാർഗ്ഗം തേടുന്നതിനായി 20 കോടി രൂപ ചെലവിൽ 69 ഷെൽട്ടറുകൾ നിർമ്മിക്കേണ്ടിവരുമെന്നാണ് ഡിസാസ്റ്റർ മാനേജുമെന്റ് ഡിപ്പാർട്ടുമെന്റ് കണക്കാക്കിയിട്ടുള്ളത്. ശേഷിക്കുന്ന ഭാഗമായ ഇടുക്കി ലോവർ പെരിയാർ മുതൽ അറബിക്കടൽ വരെയുള്ള സ്ഥലത്തെ സംബന്ധിക്കുന്ന റിപ്പോർട്ട് മേയ് മാസത്തിനുള്ളിൽ ലഭിക്കുമെന്നും അതിനുശേഷം മാത്രമേ എത്രത്തോളം നാശനഷ്ടം ഉണ്ടാകുമെന്ന് കണക്കാക്കാൻ സാധിക്കുകയുള്ളൂവെന്നും മന്ത്രി വ്യക്തമാക്കി. 136 അടി ഉയരത്തിൽ

നിർമ്മിക്കാനുദ്ദേശിക്കുന്ന പുതിയ ഡാമിനും പഴയ ഡാമിനും ഇടയ്ക്കുള്ള 50 ഹെക്ടർ സ്ഥലത്തിനുമാത്രമേ പരിസ്ഥിതി ക്ലിയറൻസ് ലഭിക്കേണ്ട തുള്ളൂവെന്നും അത് ലഭിച്ചുകഴിഞ്ഞാൽ പുതിയ ഡാം നിർമ്മിക്കുന്ന നടപടി കളുമായി മുന്നോട്ടുപോകുമെന്നും മന്ത്രി അറിയിച്ചു. റിക്ടർ സ്കെയിലിൽ ഭൂചലനം 6 രേഖപ്പെടുത്തുകയോ 48 മണിക്കൂറിനുള്ളിൽ 65 സെന്റിമീറ്റർ മഴ ഉണ്ടാവുകയോ ചെയ്താൽ ഡാം തകരുമെന്ന റൂർക്കി ഐ.ഐ.ടി.യുടെയും ഐ.ഐ.ടി. ഡൽഹിയുടെയും റിപ്പോർകളുടെ പശ്ചാത്തലത്തിൽ, ജനങ്ങളിൽ ആശങ്കയുണ്ടായ സാഹചര്യത്തിലാണ്, 09-12-2011-ന് നിയമസഭ ഐക കണ്ഠ്യേന പ്രമേയം പാസ്സാക്കിയതെന്നും ഇതുസംബന്ധിച്ച് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ വ്യക്തമാക്കിയിട്ടുണ്ടെന്നും പ്രസ്തുത പ്രമേയം അനന്തര നടപടികൾക്കായി കേന്ദ്ര ജലവിഭവ സെക്രട്ടറിക്ക് അയച്ചുകൊടു ത്തിട്ടുണ്ടെന്നും അതിൽ ഉന്നയിച്ചിട്ടുള്ള കാര്യങ്ങൾ സുപ്രീംകോടതി നിയോഗിച്ച ഉന്നതാധികാര സമിതി പരിശോധിച്ചുവരികയാണെന്നും മന്ത്രി വ്യക്തമാക്കി. പുതിയ ഡാം നിർമ്മിച്ചാൽ തമിഴ്നാടിന് വെള്ളം നൽകുകയി ല്ലെന്ന കുപ്രചരണത്തിനെതിരെ തമിഴ്പത്രങ്ങളിൽ കേരള മുഖ്യമന്ത്രിയുടെ പ്രസ്താവന പ്രസിദ്ധീകരിച്ചതിന്റെ ഫലമായി കേരളത്തിനെതിരെ അവിടെ നടക്കുന്ന പ്രചരണങ്ങൾക്ക് മാറ്റം വന്നിട്ടുണ്ടെന്ന് ഉപചോദ്യത്തിന് മറുപടി യായി മന്ത്രി അറിയിച്ചു. മുല്ലപ്പെരിയാറിൽ പുതിയ ഡാം വേണമെന്നുള്ളത് കേരളത്തിന്റെ പൊതുവികാരമാണെന്നും അക്കാര്യത്തിൽ ഒരു മാറ്റവുമുണ്ടാ യിട്ടില്ലെന്നും തമിഴ്നാടുമായുള്ള നല്ല ബന്ധം നിലനിർത്തിക്കൊണ്ടുതന്നെ പുതിയ ഡാം നിർമ്മിക്കുക എന്ന ആശയം നടപ്പിലാക്കാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും അതിൽ നിന്നും വ്യത്യസ്തമായ ഒരു നടപടിയും

സർക്കാർ അംഗീകരിക്കുകയില്ലെന്നും ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി മറുപടി നൽകി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 602 മുതൽ 913 വരെയുള്ള ചോദ്യങ്ങളിൽ 143 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)